പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 832 — 13.6.2012 ന് മറുപടിയ്ക്ക്.

## ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യിൽ പുതുതായി ട്രേഡുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) നിവേദനം ലഭിച്ചിട്ടുണ്ട്. ഡ്രാഫ്റ്റ്മാൻ സിവിൽ, ഫിറ്റർ, വെൽഡർ, സർവ്വേയർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനാണ് ആവശ്യം ഉണ്ടായിട്ടുള്ളത്. |
| (ബി) കൂടുതൽ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ അദ്ധ്യയന വർഷം ഏതൊക്കെ ട്രേഡുകൾ ആരംഭിക്കുമെന്നും അറിയിക്കുമോ; | (ബി) ചാത്തന്നൂർ ഐ.ടി.ഐ. യിൽ സിവിൽ ട്രേഡിന്റെ ഒരു യൂണിറ്റ് 2012 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. കൂടാതെ പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിൽപ്പെടുത്തി ടി ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ട്. ഇൻസ്ട്രക്ടർ തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് പരിശീലനം ആരംഭിക്കുന്നതാണ്. അടുത്ത അധ്യയനവർഷത്തോടെ പരിശീലനം ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) 9 പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് വ്യാവസായിക പരിശീലന ഡയറക്ടർ സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ